MR. PAUL THALIAT : ഡിപ്പ ർട്ടുമെൻറിന്റെ കാര്യക്ഷമതക്കുറവു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് തോന്നുന്നുണ്ടോ?

HON'BLE. MR. N. KUNJURAMAN : അങ്ങിനെ തോന്നാൻ മതിയായ കാരണമൊന്നുമില്ല.

MR. PAUL THALIAT : ഈ കൊല്ലത്തിൽ എങ്കിലും കൂടുതൽ തുക ചെലവു് ചെയ്യാമോ?

HON'BLE. MR. N. KUJNURAMAN : ആവശ്യമുണ്ടെന്നു തോന്നുന്ന പക്ഷം അങ്ങനെ ചെയ്യാവുന്നതാണ്.

ട്രാൻസ്പോർട്ട് ലൈനുകൾ.

*53 MR. ABDUL MAJEED (*Chirayinkil III—Muislm Reserved*)

താഴെ കാണുന്ന ചോദ്യത്തിനു ബഹു. ട്രാൻസ്പോർട്ട് വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ?

ചിറയിൻകീഴ് താലൂക്കിൽ വക്കല-ആറ്റുങ്ങൽ, ആറ്റുങ്ങൽ-കിളിമാനൂർ, ആറ്റുങ്ങൽ-കായിക്കര എന്നീ ലൈനുകളിൽ ട്രാൻസ്പോർട്ട് സർവ്വീസ് നടത്തുവാൻ വേണ്ട സത്വര നടപടികൾ ആരംഭിക്കുമോ?

HON'BLE MR. K. R. ELANKATH : ട്രാൻസ്പോർട്ട് ലൈനുകളുടെ വിപുലീകരണം ചില പദ്ധതികൾക്കു വിധേയമായിട്ടാണ് നടത്തുന്നതു്. ഇന്നത്തെ പദ്ധതി അനുസരിച്ചു് ഈ ലൈനുകൾ ഉൾപ്പെടുന്നില്ല. പ്രധാനപ്പെട്ട ലൈനുകൾ കൂടുതൽ പ്രവർത്തനസാദ്ധ്യമാക്കിയതിനു ശേഷം ഈ കാര്യത്തെപ്പറ്റി അനുഭാവപൂർവ്വം ആലോചിക്കാം.

MR. ABDUL MAJEED : അടുത്ത കാലത്തു് അതിനുള്ള സാദ്ധ്യതയുണ്ടോ?

HON'BLE MR. K. R. ELANKATH : അതു് ബസ്സുകളുടെ എണ്ണം മുതലായവയെ ആശ്രയിച്ചിരിക്കും. എന്നാൽ ഈ റോഡുകളിൽ കൂടുതൽ ആവശ്യമാണെന്നു ബോദ്ധ്യമായാൽ ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

*54 കഴിഞ്ഞ സെഷനിലെ ചോദ്യങ്ങൾക്കു ഉത്തരം.

MR. P NANOO (*Chiryinkil II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ അസംബ്ലിസെഷനിൽ ഉത്തരം ആവശ്യപ്പെട്ടുകൊണ്ടു അയച്ചിരുന്ന ചോദ്യങ്ങൾക്കു നിശ്ചിത തീയതികളിൽ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം പറയാൻ സൗകര്യപ്പെടത്തക്കവണ്ണം ഗവണ്മെന്റിൽ നിന്നും ഉത്തരങ്ങൾ തയാറാക്കി അയയ്ക്കാതിരുന്നതു എന്തുകൊണ്ടാണു്?

(ബി) ഉത്തരങ്ങൾ തയാറാക്കി അയയ്ക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണു്?

(സി) ഉത്തരങ്ങൾ തയാറാക്കി അയയ്ക്കുന്നതിനു ആവശ്യമുള്ള വിവരങ്ങൾവേണ്ട കാലത്തു് ഗവണ്മെന്റിനു കിട്ടിയിരുന്നോ?

(ഡി) കിട്ടിയിരുന്നില്ലെങ്കിൽ അതിനു കാരണക്കാരായ ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും ആ സംഗതിക്കു ശിക്ഷിച്ചിട്ടുണ്ടോ?

(ഇ) ഏതെങ്കിലും ഡിപ്പാർട്ടുമെൻറു സംബന്ധിച്ചു ചോദ്യങ്ങൾക്കു് മറുപടി പറയാതിരുന്നിട്ടുണ്ടോ?

(എഫ്) കഴിഞ്ഞ അസംബ്ലിസെഷനിൽ അനുവദിച്ചിരുന്ന ചോദ്യങ്ങളിൽ ഉത്തരം പറയാതിരുന്ന ചോദ്യങ്ങൾ എത്രയാണു്?

HON'BLE MR. A. J. JOHN :

(എ) നിശ്ചിത തീയതികളിൽ ഉത്തരം കൊടുക്കത്തക്കവണ്ണം വിവരങ്ങൾ കിട്ടിയിട്ടില്ല.

(ബി) അതാതു ഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷന്മാരും സെക്രട്ടറിയേറ്റിൽ അതാതു സെക്ഷനിലെ ഉദ്യോഗസ്ഥന്മാരും ചുമതലക്കാരാണു്.

(സി) ചില ചോദ്യങ്ങൾ സംബന്ധിച്ചു് ഉത്തരങ്ങൾ സമയത്തിനു കിട്ടീട്ടില്ല.

(ഡി) ഇല്ല.

(ഇ) ചില ചോദ്യങ്ങൾക്കു മറുപടികൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ആ കൂട്ടത്തിൽ പല ഡിപ്പാർട്ടുമെൻറുകളെ സംബന്ധിക്കുന്ന ചോദ്യങ്ങളും ഉൾപ്പെട്ടും.

(എഫ്) അനുവദിച്ച ചോദ്യങ്ങൾ ഫൈനൽ; മറുപടി പറഞ്ഞവ ഒഴിവു്.

MR. P. NANOO : ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർക്കു ഇന്ന തീയതിക്കകം ഉത്തരം കൊടുക്കണമെന്നു നിർദ്ദേശം കൊടുക്കുന്നുണ്ടോ?

HON'BLE MR. A. J. JOHN : ഉണ്ടു്.

MR. P. NANOO : അങ്ങനെ ആ തീയതിക്കുള്ളിൽ ഉത്തരം അയയ്ക്കാത്തവരോടു സമാധാനം ചോദിക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : ഉണ്ട്; എന്നാൽ ചിലപ്പോൾ കൂടുതൽ സമയം വേണ്ടിവന്നേക്കാം. അഞ്ചു ദിവസങ്ങൾക്കു മുമ്പാണു അവർക്കു ചോദ്യങ്ങൾ അയച്ചുകൊടുക്കുന്നതു്. അതുകൊണ്ടു് ചിലപ്പോൾ ആ സമയത്തിനകത്തു ഉത്തരം തയാറാക്കി അയയ്ക്കാൻ സാധിക്കാതെ വന്നേക്കാം.

WRITTEN ANSWERS.

Graduate Teachers.

*55. MR. V. K. VARGHESE: Will the Hon'ble Minister for Edul cation be pleased to State :

(*a*) the date on which graduate teachers ceased to be gazetted ; and

(*b*) whether the Government contemplate making them gazetted like the Sub-Assistant Surgeons ?

HON.BLE MR. N. KUNJURAMAN: (*a*) 1-10-1117.

(*b*) The matter is under consideration.

Medical College.

*56. MR. V. K. VARGHESE : Will the Hon'ble Minister for Medica be pleased to state :

(*a*) when does the Government propose to start the Medical College in Travancore; and

(*b*) will the Government consider it desirable to give Homeopathic training also in the new college to be started ?

HON'BLE MR. E. K. MADHAVAN: (*a*) It is expected that the Medical College will be completed in time to admit the first batch of students in July 1951.

(*b*) The Course of studies will be organised on the lines approved by the Indian Medical Council.

പ്രമോഷൻ.

* 57. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) സർക്കാർ മെഡിക്കൽ സർവീസിലുള്ള ഡാക്ടർ കെ. പൊന്നമ്മയെ ഡെപ്യൂട്ടി സർജനായി പ്രമോട്ടു ചെയ്യുന്നതിനു ഫെഡറൽ ഗവണ്മെൻറിൽനിന്നും അനുമതി നൽകീട്ടുണ്ടോ?

(ബി) പ്രസ്തുത ഉദ്യോഗസ്ഥ അനേകം ഡാക്ടറന്മാരുടെ ജൂണിയറാണെന്നും അസിസ്റ്റൻറ് സർജൻഗ്രേഡിലെ പരമാവധി (മാക്സിമം) ശമ്പളത്തിനു അർഹയായിത്തീർന്നില്ലെന്നും ഉള്ള വസ്തുത ഗവണ്മെൻറിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly